## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.4249 — 25.06.2018 -ൽ മറുപടിക്ക്

### തൊഴിൽ നൈപുണ്യം നേടുന്നവർക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ നൈപുണ്യം നേടുന്നവർക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ കണ്ടെത്തുന്നതിന് നിലവിലുള്ള സർക്കാർ സംവിധാനങ്ങൾ എന്തെന്നും ആയതിലേയ്ക്കായി ഇനി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ; | (എ) വിദേശ രാജ്യങ്ങളിൽ തൊഴിൽ കണ്ടെത്തുന്നതിന് ഒഡെപെക്ക് മുഖേന ഗൾഫ് രാജ്യങ്ങളായ സൗദി അറേബ്യ, ഒമാൻ, യു.എ.ഇ എന്നിവിടങ്ങളിലെ ആരോഗ്യ മേഖലയിൽ നഴ്സ്, ഡോക്ടർ, ടെക്നീഷ്യൻമാർ എന്നിവർക്ക് നിയമനം നൽകി വരുന്നു. കൂടാതെ യൂറോപ്യൻ രാജ്യങ്ങളായ യുണൈറ്റഡ് കിംഗ്ഡം, അയർലന്റ് എന്നിവിടങ്ങളിലേക്കും നിയമനം നടത്തിവരുന്നുണ്ട്. ആരോഗ്യ മേഖല കൂടാതെ മറ്റ് മേഖലകളിലേക്കും മറ്റ് ഏഷ്യൻ -യൂറോപ്യൻ രാജ്യങ്ങളിലേക്കും പ്രവർത്തനം വ്യാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു. കൂടാതെ മറ്റ് മേഖലകളിലെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും ആലോചിക്കുന്നുണ്ട്. |
| (ബി) സർക്കാർ,അർദ്ധസർക്കാർ, സർക്കാർ-നിയന്ത്രിത സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടക്കേണ്ട നിയമനങ്ങൾ യഥാസമയം നടത്തപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;<br>(സി) ഇല്ലെങ്കിൽ ആയതിലേയ്ക്കായി നിയമനിർമ്മാണം നടത്താൻ സർക്കാർ | (ബി) യും (സി) യും 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം വകുപ്പിലെ ഉദ്യോഗസ്ഥർ വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും, ഒഴിവുകൾ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കാതെ അനധികൃതമായി ടി ഒഴിവുകളിന്മേൽ നിയമനം നടത്തിയിട്ടുള്ള പക്ഷം അപ്രകാരം നിയമനം ലഭിച്ചവരെ പിരിച്ചുവിട്ട് എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവുകൾ അറിയിക്കുന്നതിന് സ്ഥാപനമേധാവികൾക്കു |

| | |
|---|---|
| തയ്യാറാകുമോ എന്ന് അറിയിക്കുമോ? | നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്. സർക്കാർ/അർദ്ധസർക്കാർ/ബോർഡ്/കമ്പനി/ കോർപറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ പി.എസ്.സി നിയമനത്തിന്റെ പരിധിയിൽപെടാത്ത ഒഴിവുകളിലേക്കുള്ള നിയമനങ്ങൾക്ക് എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും പ്രയോജനപ്പെടുത്തണമെന്നും, അല്ലാത്തപക്ഷം ബന്ധപ്പെട്ട വകുപ്പ് മേധാവികൾ/ചീഫ് എക് സിക്യൂട്ടീവുകൾ എന്നിവർക്കെതിരെ കർശന നടപടിയെടുക്കുന്നതാണെന്നും കാലാകാലങ്ങളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ